കിർടാഡ്സ് വെബ്സൈറ്റ് റീഡിസൈനിങ്ങ് പദ്ധതി - റിപ്പോർട്ട്

2022-23 കാലഘട്ടത്തിൽ കിർടാഡ്സ് വെബ്സൈറ്റ് കാലോചിതമായി പുതുക്കുന്നതിനും **ഇംഗ്ലീഷ്, മലയാളം, പണിയ ഭാഷകളിൽ** വെബ്സൈറ്റ് തയ്യാറാക്കുന്നതിനുമായി ഭരണാനുമതി ലഭിക്കുകയും ₹2,68,000 അനുവദിക്കുകയും ചെയ്തു. വെബ്സൈറ്റ് നിർമ്മാണത്തിനായി C-ഡിറ്റിൽ നിന്ന് ₹2,15,940 രൂപയുടെ ഇൻവോയ്സ് ലഭിക്കുകയും ചെയ്തു.

വെബ്സൈറ്റിൽ വരുത്തേണ്ട മാറ്റങ്ങൾക്കും പുതുക്കലുകൾക്കും മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി ഡെപ്യൂട്ടി ഡയറക്ടർമാർക്ക് കുറിപ്പ് നൽകി. തുടർന്ന്, 50% തുക C-ഡിറ്റിന് ആദ്യ ഗഡുവായി കൈമാറി പ്രവർത്തനം ആരംഭിച്ചു.

വെബ്സൈറ്റിന്റെ ഉള്ളടക്കം, ഡിസൈൻ, കൂട്ടിച്ചേർക്കലുകൾ എന്നിവ തീരുമാനിക്കുന്നതിനായി **ഡയറക്ടർ ചെയർപേഴ്സൺ, AO, FO, DDs, JS, CO** എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചു.

വിവരശേഖരണ പ്രവർത്തനങ്ങൾ

- 36 പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനായി ഡോ. ശശികുമാർ എസ് കെ തയ്യാറാക്കിയ പെർഫോമ പ്രകാരം വിവരങ്ങൾ സമർപ്പിക്കാൻ **ശ്രീമതി സ്മിത ശിവദാസൻ, ശ്രീ. ശശികുമാർ എസ് കെ, ശ്രീ. നെൽസൺ, ശ്രീമതി സീമ, ശ്രീമതി സന്ധ്യ ശേഖർ, ശ്രീമതി നൈന** എന്നിവരെ നിയോഗിച്ചു.
- പട്ടികജാതി വിഭാഗങ്ങളെക്കുറിച്ചുള്ള വിഷാദശാംശങ്ങൾ ശേഖരിക്കാൻ വകുപ്പിൽ നിയമിച്ച ഇന്റേൺസിനു നിർദേശം നൽകുകയും സമാഹരിച്ച വിവരങ്ങൾ റിസർച്ച് അസിസ്റ്റന്റ് **ശ്രീ. സുരേഷ് കെ പി** പരിശോധിച്ച് തിരുത്തലുകൾ വരുത്തി അന്തിമമാക്കി.
- അതേ സമയം, ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന അതാത് വിഭാഗങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ സമർപ്പിക്കപ്പെട്ടു.

പണിയ ഭാഷാ ശില്പശാല

വകുപ്പിന്റെ വെബ്സൈറ്റ് പണിയ ഭാഷയിൽ തയ്യാറാക്കുന്നതിനായി പരിശീലന വിഭാഗം ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ **2023 മാർച്ച് 13 മുതൽ 17 വരെ ശില്പശാല** സംഘടിപ്പിച്ചു.

- ശില്പശാലയിൽ ലഭ്യമായ വിവരങ്ങൾ പണിയ ഭാഷയിലേക്ക് പരിഭാഷപ്പെടുത്തി.
- വായനാട് ജില്ലയിലെ പണിയ സമുദായ പ്രതിനിധികളായ **പ്രസാദ് കെ, ഗോപാലൻ പി പി, മനോജ് പി എം, അയ്യപ്പൻ കെ** എന്നിവർ പങ്കെടുത്തു.
- പരിഭാഷപ്പെടുത്തിയ വിവരങ്ങൾ പണിയ ഭാഷയിൽ റെക്കോർഡ് ചെയ്ത് വെബ്സൈറ്റിൽ ഉൾപ്പെടുത്തി.

വിവരങ്ങളുടെ അന്തിമമാക്കൽ

- പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിവരങ്ങൾ തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ വരുത്തി അന്തിമമാക്കുന്നതിനു **ശ്രീ സജിത്ത് കുമാർ എസ് വി, ശ്രീ. ജീവൻ കുമാർ എച്ച്, ശ്രീമതി വിഷ്ണുപ്രിയ പി,**

ശ്രീമതി രജനി ആർ വി, ശ്രീമതി ദീപ എസ്, ശ്രീമതി നീന വി എന്നിവരെ ചുമതലപ്പെടുത്തി. ലഭിച്ച വിവരങ്ങൾ **ഡോ. ശശികുമാർ** ക്രോഡീകരിച്ചു.

- **ശ്രീമതി രെശ്മിപ്രഭ യു പി (കാർട്ടോഗ്രാഫർ)** എസ്.ടി. സെറ്റിൽമെന്റുകളുടെ വിതരണം കാണിക്കുന്ന മാപ്പുകൾ തയ്യാറാക്കി.
- പട്ടികജാതി വിഭാഗങ്ങളുടെ വിവരങ്ങൾ തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ വരുത്തി അന്തിമമാക്കുന്നതിനു **ഡോ. പ്രദീപ്കുമാർ കെ എസ്, ശ്രീമതി സന്ധ്യ ശേഖർ, ശ്രീ. സുഭാഷ് വി എസ്** എന്നിവരെ ചുമതലപ്പെടുത്തി. വിവരങ്ങൾ ക്രോഡീകരിക്കാൻ **ഡോ. സോന**യെ നിയോഗിച്ചു.
- അന്തിമ വിവരങ്ങളുടെ മലയാള പരിഭാഷയ്ക്കായി **ഡോ. ലിജിഷ എ ടി (പട്ടികവർഗ്ഗ വിഭാഗങ്ങൾ), ഡോ. ഇന്ദു വി മേനോൻ (പട്ടികജാതി വിഭാഗങ്ങൾ)** എന്നിവർ ചുമതല വഹിച്ചു.

ഉദ്ഘാടനം

കമ്മിറ്റിയുടെ പരിശോധനയും ആവശ്യമായ തിരുത്തലുകളും പൂർത്തിയാക്കിയ ശേഷം, പുതുക്കിയ **മലയാളം, ഇംഗ്ലീഷ്, പണിയ ഭാഷകളിലുള്ള വെബ്സൈറ്റ്** ഉദ്ഘാടനം **ബഹുമാനപ്പെട്ട പട്ടികജാതി–പട്ടികവർഗ്ഗ പിന്നാക്കവിഭാഗ ക്ഷേമവകുപ്പ് മന്ത്രി ശ്രീ. ഓ.ആർ. കേളു** നിർവഹിച്ചു.